REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ പരമോന്നത സിവിലിയൻ അവാർഡുകളിലൊന്നായ പത്മ പുരസ്കാരങ്ങൾ സമ്മാനിക്കും.**
- **സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ചുവപ്പ് ജാഗ്രത - കണ്ണൂർ, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.**
- **കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി 50 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആലുവ ഹൈ ടെക് മാർക്കറ്റ് സമുച്ചയത്തിന് ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും.**
- **ജയ്പൂരിൽ IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ പരമോന്നത സിവിലിയൻ അവാർഡുകളിലൊന്നായ പത്മ പുരസ്കാരങ്ങൾ സമ്മാനിക്കും. വൈകീട്ട് രാഷ്ട്രപതി ഭവനിൽ സംഘടിപ്പിക്കുന്ന ചടങ്ങിലാണ് പുരസ്കാരങ്ങൾ വിതരണം ചെയ്യുക.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

..........വോയ്സ്......

പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ, കല, സാമൂഹിക പ്രവർത്തനം, പൊതുകാര്യങ്ങൾ, ശാസ്ത്രം, എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം, വൈദ്യം, സാഹിത്യം, വിദ്യാഭ്യാസം, കായികം, സിവിൽ സർവീസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ മികവ് പുലർത്തിയവർക്കാണ് പുരസ്കാരം.

ഏഴ് പത്മവിഭൂഷൺ, 19 പത്മഭൂഷൺ, 113 പത്മശ്രീ അവാർഡുകൾ എന്നിവ ഉൾപ്പടെ 139 പത്മ പുരസ്കാരങ്ങളാണ് ഗവൺമെന്റ് ഈ വർഷം പ്രഖ്യാപിച്ചത്. കഴിഞ്ഞമാസം, 2025-ലെ 71 പ്രമുഖ വ്യക്തികൾക്ക് രാഷ്ട്രപതി, പദ്മ പുരസ്കാരം സമ്മാനിച്ചിരുന്നു. ഇന്നത്തെ ചടങ്ങിൽ, 68 പേർക്കാണ് പത്മ അവാർഡുകൾ നൽകുന്നത്.

മുൻ ചീഫ് ജസ്റ്റിസ് ജഗദീഷ് സിംഗ് ഖേഹർ, കുമുദ്നി രജനീകാന്ത് ലാഖിയ എന്നിവർക്ക് പൊതുകാര്യ, കലാ മേഖലയിലെ സംഭാവനകൾക്ക് പത്മവിഭൂഷൺ സമ്മാനിക്കും. ജതിൻ ഗോസ്വാമി, കൈലാഷ് നാഥ് ദീക്ഷിത്, സാധ്വി ഋതംഭര എന്നിവർക്ക് പത്മഭൂഷണും നൽകും. പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ ബിബേക് ഡെബ്രോയ്ക്ക് മരണാനന്തര ബഹുമതിയായി പുരസ്കാരം നൽകും. പത്മശ്രീ പുരസ്കാരം ലഭിക്കുന്നവരിൽ മന്ദ കൃഷ്ണ മാഡിഗ, ഡോ. നീർജ ഭട്‌ല, സന്ത് റാം ദേശ്‌വാൾ, സയ്യിദ് ഐനുൽ ഹസൻ എന്നിവരും ഉൾപ്പെടുന്നു.

✪✪✪

പുതിയ ചീഫ് ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായിയ്ക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ഇന്നലെ അത്താഴ വിരുന്ന് നൽകി. രാഷ്ട്രപതി ഭവൻ കൾച്ചറൽ സെന്ററിൽ നടത്തിയ വിരുന്നിൽ, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, ലോക്സഭാ സ്പീക്കർ ഓം ബിർള, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഉൾപ്പടെ പ്രമുഖർ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ചുവപ്പ് ജാഗ്രതയും തൃശ്ശൂർ, മലപ്പുറം, കാസർക്കോട് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും 8 ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

സംസ്ഥാനത്തെ നാല് ജില്ലകളിൽ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചു. കണ്ണൂർ, വയനാട്, കോഴിക്കോട്, കോട്ടയം ജില്ലകളിലാണ് അവധി. മുൻനിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.

✪✪✪

കണ്ണൂർ ജില്ലയിൽ കനത്ത മഴയിലും ശക്തമായ കാറ്റിലും വൻ നാശനഷ്ടമുണ്ടായി. ജില്ലയിൽ ഇന്നും ചുവുപ്പ് ജാഗ്രത ആണ്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

........വോയ്സ്......

ജില്ലയിൽ ഇതുവരെ 144 വീടുകൾ ഭാഗികമായി തകർന്നു. ആറ് വീടുകൾ പൂർണമായും തകർന്നിട്ടുണ്ട് . കഴിഞ്ഞ 32 മണിക്കൂറിനിടെ 85 ലേറെ വീടുകൾ ഭാഗികമായി തകർന്നു. വിവിധയിടങ്ങളിലുണ്ടായ അപകടങ്ങളിൽ 12 പേർക്ക് പരിക്കുപറ്റി. കാർഷിക വിളകൾക്കും വലിയ തോതിലുള്ള നഷ്ടമുണ്ടായിട്ടുണ്ട്. പഴശ്ശി ഡാമിന്റെ 16 ഷട്ടറുകളിൽ 14 എണ്ണവും തുറന്നും മൂന്നര മീറ്ററോളം ഉയരത്തിലാണ് ഷട്ടറുകൾ തുറന്നിട്ടുള്ളത്. അത്യാവശ്യ ഘട്ടങ്ങളിൽ ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിപ്പിക്കാൻ തലശ്ശേരിയിൽ 12 കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട് . ജില്ലയിലിന്നും അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ, സ്പെഷ്യൽ ക്ലാസുകൾ എന്നിവയ്ക്ക് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട് എന്നാൽ അങ്കണവാടി ജീവനക്കാർക്ക് അവധി ബാധകമല്ല.

✪✪✪

കനത്ത കാറ്റിലും മഴയിലും കോഴിക്കോട് ജില്ലയിൽ വ്യാപക നാശനഷ്ടം. ഇന്നലെ മാത്രം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 60 വീടുകൾ ഭാഗികമായി തകർന്നു. ഇതോടെ കാലവർഷക്കെടുതിയിൽ ഒരാഴ്ചക്കിടെ ജില്ലയിൽ 120ഓളം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു.

കോഴിക്കോട് താലൂക്കിൽ 21ഉം, വടകര 24ഉം, കൊയിലാണ്ടി 7ഉം, താമരശ്ശേരി 8 ഉം വീടുകൾ ഭാഗികമായി തകർന്നു.

വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് നിരവധി പേരെ ക്യാമ്പുകളിലേക്കും ബന്ധുവീടുകളിലേക്കും മാറ്റി. കോഴിക്കോട് താലൂക്കിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പും വടകര താലൂക്കിൽ ഒരു ക്യാമ്പും തുറന്നു. ആകെ 24 കുടുംബങ്ങളിൽ 88 പേരാണ് ജില്ലയിലെ മൂന്ന് ക്യാമ്പുകളിലായി കഴിയുന്നത്.

വടകര താലൂക്കിലെ വിലങ്ങാട് വില്ലേജ് പരിധിയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കഴിഞ്ഞ വർഷം ഉരുൾ പൊട്ടലുണ്ടായ മഞ്ഞച്ചീളിയിലെ 18 കുടുംബങ്ങളിലെ 58 പേരെ വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂളിലേക്ക് മാറ്റിത്താമസിപ്പിച്ചു.

ജില്ലയിലെ വിവിധ ഭാഗങ്ങളിലായി കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ 5.8 കോടി രൂപയുടെ കൃഷിനാശമുണ്ടായതായാണ് പ്രാഥമിക കണക്ക്. ജില്ലയിൽ 108 ഹെക്ടർ കൃഷിയും നശിച്ചു.

കനത്ത കാറ്റിലും മഴയിലും ജില്ലയിൽ KSEBക്ക് ഒന്നേകാൽ കോടിയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചതിനാൽ 23 നൈപുണി വികസന കേന്ദ്രങ്ങളിലെ പ്രവേശനത്തിന് ഇന്ന് നടത്താനിരുന്ന ഇന്റർവ്യു മാറ്റിവെച്ചു. പുതുക്കിയ തിയതി പിന്നീട് അറിയിക്കുമെന്ന് സമഗ്ര ശിക്ഷാ ജില്ലാ കോർഡിനേറ്റർ ഡോ. AK.അബ്ദുൽ ഹക്കീം അറിയിച്ചു.

✪✪✪

ശക്തമായ മഴയെ തുടർന്ന് എറണാകുളം ജില്ലയിൽ ഒരു വീട് പൂർണമായും 50 വീടുകൾ ഭാഗികമായും തകർന്നു. അടിയന്തിര ഘട്ടത്തിൽ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിന് ജില്ലയിൽ 360 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി ലൈനുകൾക്കും പോസ്റ്റുകൾക്കും ട്രാൻസ്ഫോർമറുകൾക്കും തകരാറുകൾ സംഭവിച്ചതായി KSEB അറിയിച്ചു.

✪✪✪

കനത്ത മഴയിൽ ആലപ്പുഴ ജില്ലയിൽ 141 വീടുകൾ ഭാഗികമായും 12 വീടുകൾ പൂർണ്ണമായും തകർന്നു. വിവിധ സ്ഥലങ്ങളിൽ ഉണ്ടായ അപകടങ്ങളിൽ രണ്ട് പേർ മരിച്ചു. ജില്ലയിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

എല്ലാ താലൂക്കുകളിലും 24 മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പും ഫിഷറീസ് വകുപ്പും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്.

✪✪✪

ഇടുക്കി ജില്ലയിലും കനത്ത മഴ തുടരുകയാണ്. ഇടുക്കി, ഉടുമ്പൻചോല താലൂക്കുകളിൽ ശക്തമായ കാറ്റടിച്ചു.

കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത ശക്തമായ മഴയിലും കാറ്റിലും ജില്ലയിൽ ഒട്ടേറെ നാശനഷ്ടങ്ങളുണ്ടായി. പലയിടത്തും വൈദ്യുതിബന്ധം തകരാറിലായി.

അപകടങ്ങളൊഴിവാക്കാൻ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം നിർദേശിച്ചു. കനത്ത മഴയെത്തുടർന്ന് കല്ലാർ കുട്ടി, ലോവർ പെരിയാർ, മലങ്കര

അണക്കെട്ടുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുന്നുണ്ട്. ജില്ലയിൽ ഏറ്റവും കൂടുതൽ മഴ പെയ്തത് ദേവികുളം താലൂക്കിലാണ്.

തിങ്കളാഴ്ച രാവിലത്തെ കണക്ക് അനുസരിച്ച്  മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് 114 അടിയും ഇടുക്കി ഡാമിൽ 2,332.67 അടിയുമാണ്.

✪✪✪

കൊച്ചിയിൽ മുങ്ങിയ കപ്പലിൽ നിന്നും കൊല്ലം ജില്ലയുടെ തീരത്തടിഞ്ഞ കണ്ടെയ്നറുകൾ കൊല്ലം പോർട്ടിലേക്ക് മാറ്റും. കണ്ടെയ്നറുകളിൽ അപകടരമായ വസ്തുക്കൾ ഇല്ലെന്ന് കസ്റ്റംസ് സ്ഥിരീകരിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നീരജ്‌ലാൽ....

(.....വോയ്സ്......)

കണ്ടെയ്നറുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കോഡ് നമ്പർ മുഖേനയാണ് ഉള്ളിലുള്ളത് എത് തരം സാധനങ്ങളാണെന്ന് തിരിച്ചറിയുന്നത്. 32 കണ്ടെയ്നറുകളാണ് കൊല്ലം തീരത്തടിഞ്ഞത്. ഗ്രീൻ ടീ , പേപ്പർ ക്രാഫ്റ്റ് തുടങ്ങിയ സാമഗ്രികൾ കൊല്ലത്ത് എത്തിയ കണ്ടെയ്നറുകളിൽ ഉള്ളതായി തിരിച്ചറിഞ്ഞു. കണ്ടെയ്നറുകൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് റെസ്ക്യു ടീമാണ് നേതൃത്വം നൽകുന്നത്. അപകടകരമായ സാഹചര്യം ഉണ്ടായാൽ ഇടപെടാൻ NDRF ടീമും സജ്ജമാണ്. കരയിലേക്ക് മാറ്റുന്ന കണ്ടെയ്നറുകൾ കസ്റ്റംസ് കണ്ടുകെട്ടി കൊച്ചിയിലേക്ക് കൊണ്ടുപോകും.

✪✪✪

തിരുവനന്തപുരത്ത് മരക്കൊമ്പ് ഒടിഞ്ഞുവീണ് പരിക്കേറ്റ പരവൂർ സ്വദേശി സുനിലിന് സൗജന്യ ചികിത്സ ഉറപ്പാക്കാൻ മന്ത്രി വീണാ ജോർജ്  മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന് നിർദേശം നൽകി. ഓപ്പറേഷനും ചികിത്സയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും സൗജന്യമായി നൽകാനും നിർദേശം നൽകി.

✪✪✪

കോഴിക്കോട് ജില്ലയിൽ മലയോര ഹൈവേയുടെ പ്രവൃത്തി നടക്കുന്ന തലയാട് -28ാം മൈൽ റോഡിൽ ഗതാഗതം പൂർണമായി നിരോധിച്ചതായി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ശക്തമായ മഴയിൽ ഒന്നിലധികം സ്ഥലങ്ങളിൽ മണ്ണിടിഞ്ഞതിനെ തുടർന്നാണിത്.

✪✪✪

സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യത്തിൽ പുതിയ അധ്യയന വർഷം കോഴിക്കോട് കോർപറേഷൻ പരിധിയിലെ സ്കൂളുകളിൽ ക്ലാസുകൾ ആരംഭിക്കേണ്ടതില്ലെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് നിർദേശിച്ചു. കലക്ടറുടെ ചേംബറിൽ ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് ഇതുസംബന്ധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദേശം നൽകിയത്.

കാലവർഷം ശക്തമായ സാഹചര്യത്തിൽ വിദ്യാർഥികളുടെയും അധ്യാപകർ ഉൾപ്പെടെ ജീവനക്കാരുടെയും സുരക്ഷ മുൻനിർത്തി സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും ഫിറ്റ്നസ് പരിശോധിച്ച് ഉറപ്പുവരുത്താനും സ്കൂൾ പരിസരങ്ങളിലെ അപകടകരമായ മരങ്ങളും മറ്റും നീക്കം ചെയ്യാനും സംസ്ഥാന ഗവൺമെന്റ് കർശന നിർദേശം നൽകിയിരുന്നു. ജില്ലയിലെ മറ്റെല്ലായിടങ്ങളിലും സ്കൂളുകൾക്കും അനുബന്ധ കെട്ടിടങ്ങൾക്കും സർട്ടിഫിക്കറ്റ് ലഭ്യമാക്കിയെങ്കിലും കോഴിക്കോട് കോർപറേഷൻ പരിധിയിലെ സ്കൂളുകളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയോ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തില്ലെന്ന് പരാതിയുയർന്നിരുന്നു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ മെയ് 31- ന് യുവജനങ്ങളുമായി കോഴിക്കോട്ട് നടത്താനിരുന്ന മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടി മാറ്റിവെച്ചു. കാലവർഷ മുന്നറിയിപ്പുകൾ തുടരുന്ന പശ്ചാത്തലത്തിലാണിത്.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന് 1962 -ലെ ഇന്ത്യ-ചൈന യുദ്ധത്തിൽ വീരമൃത്യു വരിച്ച പരം വീരചക്ര മേജർ ഷെയ്താൻ സിംഗിനെ അനുസ്മരിക്കുന്നു.

..റിപ്പോർട്ട്..

.........വോയ്സ്..........

1924 ഡിസംബർ ഒന്നിന് രാജസ്ഥാനിലെ ജോദ്പൂരിൽ ജനിച്ച മേജർ ഷെയ്താൻ സിംഗ് 1949 ലാണ് കുമയൂൺ റെജിമെന്റിൽ ചേർന്നത്. 1962 ലെ ഇന്ത്യ-ചൈന യുദ്ധകാലത്ത് അദ്ദേഹം കുമയൂൺ റെജിമെന്റിന്റെ C കമ്പനിയെയാണ് നയിച്ചത്. തന്ത്രപ്രധാനമേഖലയായ 5,000 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന റെസാംങ്‌ലായിലായിരുന്നു അദ്ദേഹത്തിന്റേയും സംഘത്തിന്റേയും സേവനം.

അഞ്ച് പ്ലാറ്റൂണുകളുടെ പ്രതിരോധത്തിൽ നവംബർ 18ന് പുലർച്ചെ ചൈനീസ് സൈന്യത്തിന്റെ ആക്രമണത്തിന് C കമ്പനി വിധേയമായി. ശത്രുസൈന്യം പർവത നിരകളിലേക്ക് നീങ്ങിയപ്പോൾ ഇന്ത്യൻ സൈന്യം വീരോചിതമായ വെടിവെയ്പ്പ് നടത്തി. കനത്ത മഞ്ഞുവീഴ്ചയായതിനാൽ തണുത്തുറഞ്ഞ സാഹചര്യമായിരന്നു അപ്പോൾ. ഏഴ്, എട്ട്, ഒമ്പത് പ്ലാറ്റൂണുകൾ സമാനതകളില്ലാത്ത ധൈര്യത്തോടെ പോരാടി.

ശത്രുസൈന്യത്തിന്റെ നിരന്തരമായ ആക്രമണത്തിന് വിധേയമായിട്ടും മേജർ ഷെയ്താൻ സിംഗിന്റെ നേതൃത്വത്തിലെ പടയാളികൾ പിൻവാങ്ങാൻ വിസമ്മതിച്ചു. കമ്പനി കമാൻഡറായ മേജർ ഷെയ്താൻ സിംഗ് റസാംങ്ല യുദ്ധത്തിൽ മാതൃകാപരമായ നേതൃത്വവും ധൈര്യവും പ്രകടിപ്പിച്ച് സൈന്യത്തെ പ്രശംസനീയമായ രീതിയിൽ നയിച്ചു. അപ്പോഴും ചൈനീസ് സൈന്യം വെടിയുതിർത്തു കൊണ്ടേയിരുന്നു. ഇതിനിടിയൽ അദ്ദേഹത്തിന് ഗുരുതരമായി പരിക്കേറ്റു. സഹപ്രവർത്തകരോട് തന്നെയവിടെ ഉപേക്ഷിക്കാനും അദ്ദേഹം പ്രേരിപ്പിച്ചു. വീരോചിതമായി പൊരുതുന്നതിനിടയിൽ 1962 നവംബർ 18ന് അദ്ദേഹം അന്ത്യശ്വാസം വലിച്ചു.

മേജർ ഷെയ്താൻ സിംഗിന്റെ കർത്തവ്യ സമർപ്പണത്തിന് മരണാനന്തരം രാജ്യം പരം വീരചക്രം നൽകി അദ്ദേഹത്തെ ആദരിച്ചു. മേജർ ഷെയ്താൻ സിംഗിനെ രാജ്യം അഭിവാദ്യം ചെയ്യുന്നു.

✪✪✪

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി 50 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആലുവ ഹൈ ടെക് മാർക്കറ്റ് സമുച്ചയത്തിന് ഇന്ന് ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. നാല് നിലകളിലായി ഒരു ലക്ഷത്തി 80,000 ത്തിലധികം ചതുരശ്ര അടിയിൽ നിർമ്മിക്കുന്ന മാർക്കറ്റിൽ റെസ്റ്ററന്റും, സൂപ്പർമാർക്കറ്റും അടക്കം 88 ഷോപ്പുകൾ ഉണ്ടാകും. ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ സജി ചെറിയാൻ, പി രാജീവ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ജയ്പൂരിൽ IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി, ക്വാളിഫയർ യോഗ്യത നേടി.

ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. വൈകീട്ട് 7.30 ന് ലക്നൗവിലാണ് മത്സരം.

✪✪✪

ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ദക്ഷിണ കൊറിയയിലെ ഗുമിയിൽ തുടക്കമാകും. 60 താരങ്ങൾ പങ്കെടുക്കുന്ന ചാമ്പ്യൻഷിപ്പ് ശനിയാഴ്ച സമാപിക്കും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: നിഷിതാ കുമാരി*
*News Team:അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*